സർക്കാർ പ്രസ്സുകളുടെ പ്രവർത്തനം

* 259 [398] ശ്രീ. സി. പി. മുസ്തഫാൻകുട്ടി:
,, വി. എസ്. ചന്ദ്രശേഖരൻ പിള്ള:
,, ഒ. രാജഗോപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ പ്രസ്സുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നറിയുന്നത് ശരിയാണോ;

(ബി) കാര്യക്ഷമമായി പ്രവർത്തിക്കാത്തതുമൂലം സർക്കാരിനാവശ്യമായി വരുന്ന അച്ചടിജോലികളിൽ ഒരു വലിയ പങ്ക് സംസ്ഥാനത്തിനു പുറത്തുള്ള സ്വകാര്യ പ്രസ്സുകൾക്ക് നൽകിവരുന്നതായി അറിയുന്നത് ശരിയാണോ;

(സി) ഇതുമൂലം സർക്കാരിന് ഭീമമായ നഷ്ടം ഉണ്ടാകുന്നുണ്ടോ;

(ഡി) 1984–85, 1985–86 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിനു വെളിയിൽ പ്രിന്റിംഗ് നടത്തിയതിന് സർക്കാരിന് ചെലവായ സംഖ്യ എത്രവീതമാണ്; ഏതെല്ലാം പ്രസ്സുകൾക്ക് എത്ര സംഖ്യ വീതം നൽകി?

സഹകരണ വകുപ്പു മന്ത്രി (ശ്രീമതി. എം. കമലം):

(എ) ശരിയല്ല.

(ബി) ഗവൺമെന്റു പ്രസ്സുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കാത്തതുകൊണ്ടല്ല, ചില വകുപ്പുകളിലെ അച്ചടി ജോലി സ്വകാര്യ പ്രസ്സുകൾക്ക് നൽകുന്നത്. കൃത്യസമയത്തു തന്നെ സർക്കാരിന്റെ എല്ലാ വകുപ്പുകൾക്കും ആവശ്യമായി വരുന്ന എല്ലാ ജോലികളും ചെയ്തു തീർക്കുന്നതിനു സർക്കാർ പ്രസ്സുകളിൽ ഇന്നുള്ള സംവിധാനം അപര്യാപ്തമായതിനാലാണ് പ്രത്യേക നിബന്ധനകൾക്ക് വിധേയമായി പ്രൈവറ്റ് പ്രസ്സുകൾക്ക് നൽകുന്നത്.

(സി) നഷ്ടം ഉണ്ടാകുന്നുണ്ടെന്നു കരുതുന്നില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

നൂറിൽ താഴെ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾ

* 260 [399] ശ്രീ. ബെന്നി ബഹനാൻ:
,, കെ. സി. ജോസഫ്:
,, ടി. എച്ച്. മുസ്തഫ:
,, ജോസ് കുറിയാനി:
,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി ദയവായി മറുപടി നൽകുമോ:

(എ) നൂറിൽ താഴെ മാത്രം വിദ്യാർത്ഥികൾ പഠിക്കുന്ന എത്ര എൽ. പി. സ്കൂളുകളും, യു. പി. സ്കൂളുകളും ഹൈസ്കൂളുകളും സംസ്ഥാനത്തുണ്ടെന്നു വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly